"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ലക്ഷ്മി ദിനേശിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1281/2022/LSGD തീയതി,തിരുവനന്തപുരം, 24-05-2022

പരാമർശം:- 1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2. സ.ഉ(സാധാ)നം.791/2021/തസ്വഭവ, തീയതി 27.03.2021

3. ശ്രീമതി.ലക്ഷ്മി ദിനേശിന്റെ 29.11.2021 ലെ ശൂന്യവേതനാവധിയപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 01.02.2022 ലെ ഇ6-1551/22നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി . ലക്ഷ്മി ദിനേശിന് 11.05.2021 മുതൽ ഒരു വർഷത്തേക്ക് ടിയാളുടെ ഒരു വയസ്സുള്ള കുഞ്ഞിന്റെയും ശയ്യാവലംബിയായ ഭർത്താവിനേയും സംരക്ഷണാർത്ഥം പരാമർശം (2) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 11.05.2022 മുതൽ 2 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കുലറി ലെ ഖണ്ഡിക ii (a) പ്രകാരം "വ്യക്തിപരം" തുടങ്ങിയ അവ്യക്തമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിനും 06.01.1966 ലെ Memorandum No. 98079/SD3/65/PD പ്രകാരം piecemeal ആയി അവധി അപേക്ഷകൾ സമർപ്പിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി . ലക്ഷ്മി ദിനേശിന് 11.05.2022 മുതൽ 10.11.2022 വരെ 6 മാസത്തേയ്ക്ക് പരിമിതപ്പെടുത്തി, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 8 8 പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ലക്ഷ്മി ദിനേശ്, ക്ലാർക്ക്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(32/ഇപിഎ1/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 24-05-2022 12:09:53

സെക്ഷൻ ഓഫീസർ